മൗലാനാ അബുൽകലാം ആസാദ്

# ഹുകൂമത്തെ ഇലാഹിയ്യ

**ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രഥമ ഭരണഘടനയിൽ ലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുന്നത് 'ഹുകൂമത്തെ ഇലാഹിയ്യ' (ദൈവികഭരണം) ആയിരുന്നു. ജമാഅത്തിനെക്കുറിച്ച് തെറ്റിദ്ധാരണക്ക് കാരണമായിത്തീരുന്നുവെന്ന് കണ്ട് പിന്നീട് ഭരണഘടനയിൽനിന്ന് ആ പദം പിൻവലിക്കുകയും പകരം 'ഇഖാമത്തുദ്ദീൻ' സ്വീകരിക്കുകയുമാണുണ്ടായത്. ഇത് പദപ്രയോഗത്തിൽ പരിമിതമായ ഒരു വ്യത്യാസപ്പെടുത്തലായിരുന്നു. വാസ്തവത്തിൽ ഹുകൂമത്തെ ഇലാഹിയ്യകൊണ്ട് ജമാഅത്ത് എന്തെല്ലാമാണോ ഉദ്ദേശിച്ചിരുന്നത് അതൊക്കെത്തന്നെയാണ് ഇഖാമത്തുദ്ദീൻകൊണ്ടും അർഥമാക്കുന്നത്. അതേസമയം, 'ഹുകൂമത്തെ ഇലാഹിയ്യ' എന്നത് ജമാഅത്തോ മൗദൂദിയോ കണ്ടുപിടിച്ച ഒന്നായിരുന്നില്ല. ജമാഅത്ത് നിലവിൽ വരുന്നതിനു മുമ്പുതന്നെ സയ്യിദ് സുലൈമാൻ നദ്‌വി, അബുൽകലാം ആസാദ് തുടങ്ങിയ അക്കാലത്തെ പ്രഗൽഭരായ പണ്ഡിതന്മാർ തങ്ങളുടെ എഴുത്തിലും പ്രസംഗത്തിലും ആ പദപ്രയോഗം നടത്തിയിട്ടുണ്ട്. എത്രമാത്രം വീറോടെയാണ് ദൈവാധിപത്യത്തിലേക്ക് അവർ മുസ്‌ലിംകളെ ആഹ്വാനം ചെയ്തിരുന്നതെന്നതിന് മൗലാനാ അബുൽകലാം ആസാദിന്റെ ഈ ലേഖനം നല്ലൊരുദാഹരണമാണ്.**

"ശാസനാധികാരം അല്ലാഹുവിനല്ലാതെ ഇല്ല." (വി. ഖു: 12:40)

അവർ "ജാഹിലിയ്യാ" വിധിയാണോ ആഗ്രഹിക്കുന്നത്? ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവിനേക്കാൾ ഉത്തമനായ വിധികർത്താവ് ആരുണ്ട്! (5:41)

വിധി അവനാണ്, നിങ്ങൾ മടക്കപ്പെടുന്നതും അവങ്കലേക്ക് തന്നെ. (28:70)

മഹോന്നതനായ അല്ലാഹുവിന്നാണ് വിധി (40:12)

അവൻ വിധികർത്താക്കളിൽ വെച്ച് ഉത്തമനാണ്. (12:80)

അറിയുക, അവന്നുള്ളതാണ് വിധി. അവൻ വേഗം കണക്കു നോക്കുന്നവനത്രെ (6:62)

ജനങ്ങൾ പരശ്ശതം ശക്തികളുടെ അടിമകളാണ്. മാതാപിതാക്കളുടെ, സ്നേഹജനങ്ങളുടെ, ഗുരുവിന്റെ, പ്രമാണിമാരുടെ, പുരോഹിതന്മാരുടെ, ഭരണകർത്താക്കളുടെ, രാജാക്കന്മാരുടെ അങ്ങനെ പലരുടെയും. യാതൊരു വിലങ്ങും ചങ്ങലയും കൂടാതെയാണ് ജനങ്ങൾ ലോകത്തേക്കു വന്നിട്ടുള്ളത്. പക്ഷെ, ലോകം അവരുടെ കരചരണങ്ങളെ അനേകം ശൃംഖലകൾ കൊണ്ട് വരിഞ്ഞിരിക്കുന്നു.

എന്നാൽ, വിശ്വാസിയായ മുസൽമാൻ ഒരേയൊരു ശക്തിക്ക് അടിപ്പെട്ടവനാണ്. അവന്റെ കഴുത്തിൽ കനത്ത ഒരു അടിമത്ത ചങ്ങലയുണ്ടെന്ന് തീർച്ച; പക്ഷെ, വ്യത്യസ്ത ഭാഗങ്ങളിലേക്ക് വലിച്ചിഴക്കുന്ന അനേകം ചങ്ങലകളില്ല. അവൻ മാതാപിതാക്കളെ അനുസരിക്കുന്നു. അങ്ങനെ ചെയ്യണമെന്ന് അവന്റെ ഏക വിധികർത്താവ് ആജ്ഞാപിച്ചിരിക്കുന്നത് കൊണ്ട് മാത്രം. അവൻ സുഹൃത്തുക്കളെ സ്നേഹിക്കുന്നു. കാരണം സ്നേഹിതന്മാരോട് നല്ലനിലയിൽ വർത്തിക്കാൻ അവന്റെ നാഥൻ കൽപിച്ചിട്ടുണ്ട്. അവൻ വലിയവരെ ബഹുമാനിക്കുന്നു. എന്തുകൊണ്ടെന്നാൽ അവന്നു മര്യാദ പഠിപ്പിച്ച ഗുരു അങ്ങനെയാണ് നിർദേശിച്ചിരിക്കുന്നത്. വൻ രാജാക്കന്മാരുടെയും ഭരണകർത്താക്കളുടെയും വിധികളും അംഗീകരിക്കുന്നുണ്ട്. കാരണം, തന്റെ സാക്ഷാൽ ഭരണാധിപന്റെ (ദൈവത്തിന്റെ) വിധികൾക്കെതിരല്ലാത്ത വിധികൾ അനുസരിക്കുന്നത് അവന് വിലക്കപ്പെട്ടിട്ടില്ല. ആകാശ രാജത്വത്തെ അനുസരിക്കുന്ന ഭൂലോകരാജാക്കളെ അവൻ അനുസരിക്കുന്നു. എന്തെന്നാൽ അങ്ങനെ ചെയ്യണമെന്നാണ് അവനെ പഠിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം അവൻ ചെയ്യുന്നത് (അല്ലാഹുവിന്റേതല്ലാത്ത ഏതെങ്കിലും നിയമത്തിന് വിധേയനാകുന്നത് കൊണ്ടോ തല കുനിക്കുന്നതു കൊണ്ടോ അല്ല. മറിച്ച്. അനുസരണം ഏകദൈവത്തിനു മാത്രമായതുകൊണ്ടാണ്. ആ ഏക ആജ്ഞാകർത്താവ് അതെല്ലാം ആജ്ഞാപിച്ചിട്ടുണ്ടെങ്കിൽ സ്രഷ്ടാവിന് വേണ്ടി ആ സൃഷ്ടികളെ അനുസരിക്കലും ആവശ്യമായിത്തീരുന്നു. അല്ലാഹുവിന്നുള്ള അനുസരണത്തിനു വേണ്ടി അവന്റെ അടിമകളേയും അനുസരിക്കേണ്ടി വരുന്നു

അതെ വാസ്തവത്തിൽ ഓരോ മനുഷ്യനും ലോകത്ത് അസംഖ്യം വിധികർത്താക്കളുണ്ട്. വണങ്ങപ്പെടുന്ന നിരവധി ശക്തികളുണ്ട്. പക്ഷെ, സത്യവിശ്വാസിക്ക് ഒന്നുമാത്രമേ ഉള്ളൂ. മറ്റാരും തന്നെ ഇല്ല. ആ ഒരുവനു മാത്രമേ അവൻ കുനിയുകയുള്ളൂ. അവനെ മാത്രമേ അംഗീകരിക്കുകയുള്ളൂ. അവനെ മാത്രമേ അനുസരിക്കുകയുള്ളൂ. അവന്റെ ശിരസ്സ് നമ്രമാകുന്ന ആസ്ഥാനം ഒന്നു മാത്രമാണ്. അവന്റെ ഹൃദയം വിത്രയം ചെയ്യപ്പെടുന്ന വിപണി ഒന്നുമാത്രമാണ്. ലോകത്ത് വല്ലതിനെയും അവൻ അനുസരിക്കുന്നുണ്ടെങ്കിൽ അതും ഏകാസ്തികൃത്തിന്ന് വേണ്ടി മാത്രമാകുന്നു. അതുകൊണ്ട് അവന്റെ വിവിധ തരത്തിലുള്ള അനുസരണങ്ങളെല്ലാം ആ ഏകാനുസരണത്തിൽ ഉൾകൊള്ളുന്നു.

ഹ: യൂസുഫ് (അ) ജയിലറയിൽ തന്റെ ചങ്ങാതിമാരോട് ചോദിച്ചു. "അനേകം യജമാനൻമാരാണോ നല്ലത്, അതോ ഏകനും സർവാധിപനുമായ അല്ലാഹുവോ" (12:39). ഓരോ സത്യവിശ്വാസിക്കും പരിശുദ്ധ ഖുർആൻ പഠിപ്പിച്ചു കൊടുത്തിട്ടുള്ള ഈമാനിന്റെയും ഇസ്‌ലാമിന്റെയും സാരാംശമത്രെ ഇത്.

"വിധി അല്ലാഹുവിന്നു മാത്രമുള്ള താണ്. തനിക്കല്ലാതെ ഇബാദത്ത് ചെയ്യരുതെന്ന് അവൻ ശാസിച്ചിരിക്കുന്നു." (വി. ഖു.)

ഈ ദീനുൽ ഖയ്യിം' അംഗീകരിക്കാനാണ് നമ്മോട് ആജ്ഞാപിച്ചിരിക്കുന്നത്:

"അതാണ് ദീനുൽ ഖയ്യീം" (ശരിയായ ദീൻ). പക്ഷെ അധികജനങ്ങളും അറിയുന്നില്ല. (വി. ഖു. 2:10)

ഒരു നബിവചനത്തിൽ പറയുന്നു: "സൃഷ്ടാവിനെതിരെ സൃഷ്ടിക്ക് അനുസരണമില്ല" (ബുഖാരി - മുസ്ലിം)

ഇങ്ങനെ പ്രഖ്യാപിച്ചുകൊണ്ട് മനുഷ്യരാശിയുടെ കാലുകളിൽ കനത്തു തൂങ്ങുന്ന നാനാവിധ അടിമത്ത ചങ്ങലകളിൽ നിന്നും സത്യവിശ്വാസികളെ പൂർണ സ്വതന്ത്രരാക്കുകയാണ് ഇസ്ലാം. ഈ ഒറ്റ വാക്യം കൊണ്ട് മനുഷ്യനുള്ള അനുസരണത്തിന്റെ യാഥാർഥ്യം അർഥശങ്കക്കിടമില്ലാത്തവിധം സമഗ്രമായും, വിശാലമായും മനസ്സിലാക്കിത്തന്നിരിക്കുന്നു. ഇതാണ് ഇസ്ലാമിക ജീവിതത്തിന്റെ കർമപദ്ധതി. സത്യവിശ്വാസിയുടെ മുഴുവൻ വിശ്വാസ കർമങ്ങളുടെയും ഒരു സമ്പൂർണചിത്രവുമാണിത്. ഈ ദൈവിക നിർദേശം നമ്മെ പഠിപ്പിക്കുന്നതിതാണ്. അനുസരണം, വണക്കം, കൂറ്, സമ്മതം, സ്വീകരണം ഇവ എത്ര, ഏതെല്ലാം വിധത്തിൽ ഉണ്ടോ അതൊക്കെത്തന്നെ സൃഷ്ടാവിനോട് അനുസരണക്കേട് വരാത്തവിധത്തിൽ മാത്രമേ സൃഷ്ടികൾക്ക് നൽകാൻ പാടുള്ളൂ. ജനങ്ങളോട് കൂറ് കാണിക്കുന്നത് ദൈവാധിപത്യത്തോട് കൂറ്കേട് വരുത്തിക്കൊണ്ടാവരുത്.

എന്നാൽ അല്ലാഹുവിന്റെ നിയമങ്ങളും സൃഷ്ടികളുടെ നിയമങ്ങളും കൂട്ടിമുട്ടുന്ന സ്ഥിതിവിശേഷം ഉളവായാൽ അവിടെ അല്ലാഹുവിനുള്ളതല്ലാത്ത എല്ലാ അനുസരണങ്ങളും അസ്തമിച്ചു പോകണം; ഉടമ്പടികളും ഉപാധികളും പരാജയപ്പെടണം; ബന്ധങ്ങളും വേഴ്ചകളും മുറിഞ്ഞുപോകണം; സ്നേഹവും സൗഹാർദവും അവസാനിക്കണം; അപ്പോൾ മുതൽ ഭരണാധിപൻ ഭരണാധിപനല്ല, രാജാവ് രാജാവല്ല, പിതാവ് പിതാവല്ല, സഹോദരൻ സഹോദരനല്ല, എല്ലാവരോടും നിഷേധം, കൂറില്ലായ്മ, ധിക്കാരം! മുമ്പ് എത്രകണ്ട് ലാഘവം ഉണ്ടായിരുന്നോ ഇപ്പോൾ അത്രകണ്ട് കാഠിന്യം, മുമ്പ് എന്തുമാത്രം സമ്മതമായിരുന്നുവോ ഇപ്പോൾ അത്രതന്നെ വിസമ്മതം, മുമ്പ് എത്രമേൽ അനുസരണം കാണിച്ചിരുന്നുവോ ഇപ്പോൾ അത്രതന്നെ അനുസരണമില്ലായ്മ, മുമ്പ് ഏതുവിധം വിനയം ഉണ്ടായിരുന്നുവോ ഇപ്പോൾ അത്രതന്നെ അഹംഭാവം! എന്തുകൊണ്ടെന്നാൽ ബന്ധങ്ങളെല്ലാം മുറിഞ്ഞുകഴിഞ്ഞു. കരാറുകളെല്ലാം ലംഘിക്കപ്പെട്ടു. ബന്ധം യഥാർഥത്തിൽ ഒന്നേ ഉണ്ടായിരുന്നുള്ളൂ. മറ്റു ബന്ധങ്ങളെല്ലാം ആ ഒന്നിനു വേണ്ടി മാത്രമായിരുന്നു. അനുസരണങ്ങളെല്ലാം ആ ഒരുവന്റെ അനുസരണത്തിനുവേണ്ടി മാത്രമായിരുന്നു. മറ്റുള്ളവരോടുള്ള അനുസരണം അവനോടുള്ള അനുസരണക്കേടും, മറ്റുള്ളവരോടുള്ളകൂറ് അവനോടുള്ള ദ്രോഹവും ആവുന്നിടത്ത് നേരത്തെ ബന്ധം ചേർത്തിരുന്ന കൈകൾ തന്നെ അത് വെട്ടിമുറിച്ചിരിക്കുന്നു. "സൃഷ്ടാവിനെ ധിക്കരിച്ചു കൊണ്ട് സൃഷ്ടിക്കു വിധേയത്വമില്ല" (നബിവചനം)

ലോകഗുരുവും പ്രവാചക പ്രഭുവുമായ തിരുമേനിയെക്കവിഞ്ഞു മുസ്ലിംകൾക്കൊരു നേതാവുണ്ടോ? അവിടുന്ന് പോലും അഖബയിൽവെച്ച് അൻസാരികളിൽ നിന്ന് അനുസരണ പ്രതിജ്ഞ വാങ്ങിയത്, "ഞാൻ നല്ലതു കൽപിച്ചാൽ മാത്രമേ നിങ്ങൾ അനുസരിക്കേണ്ടതുള്ളൂ എന്ന് ഉണർത്തിക്കൊണ്ടാണ്. ആ ലോകഗുരുവിനെ മുസ്ലിംകൾ അനുസരിക്കുന്നതു പോലും, നല്ല കാര്യത്തിൽ മാത്രം എന്ന ഉപാധിയോടുകൂടിയാണെങ്കിൽ അക്രമത്തിലും അധർമത്തിലുമൊക്കെ അനുസരിക്കപ്പെടേണ്ടതായി ലോകത്ത് ഏത് രാജ്യവും ഭരണകൂടവും നേതാവും ശക്തിയുമാണുള്ളത്?

മനുഷ്യസന്തതികൾ രണ്ടെണ്ണത്തിന്റെ അടിമകളായിരിക്കുകയില്ല. അവൻ ഒന്നു സ്വീകരിക്കുമ്പോൾ മറ്റേതുമായി പിണങ്ങും. അപ്പോൾ അല്ലാഹുവിന്റെ പേരിൽ ഞാൻ ചോദിക്കുന്നു; ഒരു സത്യവിശ്വാസി ആരെയാണുപേക്ഷിക്കേണ്ടത്? ആരെയാണ് സ്വീകരിക്കേണ്ടത്? ഒരു രാജ്യത്ത് രണ്ട് രാജാവ് ഉണ്ടായിരിക്കാവതല്ല. ഒരാൾ അവശേഷിക്കും. മറ്റെയാളെ കൈവിടേണ്ടി വരും. അപ്പോൾ എനിക്ക് പറഞ്ഞു തരു, സത്യവിശ്വാസത്തിന്റെ ഹൃദയം ആരുടെ രാജത്വമാണ് അംഗീകരിക്കുക? ''അല്ലാഹു ചേർക്കാൻ പറഞ്ഞത് മുറിച്ചു കളയുന്ന"(2:27)വരുടെ രാജത്വമാണോ? "അവർ ഭൂമിയിൽ നാശമുണ്ടാക്കുന്നു. അവർ തന്നെയാണ് നിർഭാഗ്യവാന്മാർ" (2:2) എന്ന് ഖുർആൻ വിശേഷിപ്പിച്ചവരുടെ രാജത്വമോ? "അല്ലയോ മനുഷ്യ, ഉദാരനായ നിന്റെ നാഥനെക്കുറിച്ച് നിന്നെ വഞ്ചിതനാക്കിയത് എന്താണ്?" (82:16) എന്ന് ചോദിച്ചവന്റെ രാജത്വത്തിൽ നിന്നും പിന്തിരിഞ്ഞു കളയുമോ? അഹോ! അതെങ്ങിനെ സംഭവിക്കും?

"നിങ്ങളെങ്ങിനെയാണ് അല്ലാഹുവെ നിഷേധിക്കുന്നത്? നിങ്ങൾ മൃതരായിരിക്കെ അവൻ നിങ്ങളെ ജീവിപ്പിച്ചു. വീണ്ടും അവൻ നിങ്ങളെ മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യും. പിന്നീടവങ്കലേക്കാണ് നിങ്ങളെല്ലാം മടക്കപ്പെടുന്നതും!" (2:28)

ഇഹലോകവും അതിലെ രാജത്വവുമെല്ലാം നശ്വരമാണ്. അതിന്റെ പ്രതാപപ്രകർഷങ്ങൾ ഒരു നാൾ അസ്തമിച്ചുപോകും. ദൈവത്താൽ നിയുക്തരായ ശിക്ഷയുടെ മലക്കുകൾ വിപ്ലവ പരിവർത്തനങ്ങളുമേന്തി ഇറങ്ങിവരിക തന്നെ ചെയ്യും. അന്നു അധികാരത്തിന്റെ കോട്ടകൾ തകർന്നു നിലംപൊത്തും. വാളുകൾ തുരുമ്പ് പിടിച്ചുപോകും. സൈന്യങ്ങൾ നശിച്ചു തകരും. തോക്കുകൾ അഭയം നൽകുകയില്ല. ഖജനാകൾ ഫലപ്പെടുകയില്ല. ശക്തികൾ തകർന്നു തരിപ്പണമാകും. അഹങ്കാരക്കിരീടം കൊഴിഞ്ഞുവീഴും, പ്രതാപ സിംഹാസനം മറിഞ്ഞ് നിലംപൊത്തും. അന്ന് ആകാശം മേഘത്തോടുകൂടി പൊട്ടിപ്പിളരുകയും മലക്കുകൾ കൂട്ടമായി ഇറക്കപ്പെടുകയും ചെയ്യും. ആ ദിവസം സർവാധികാരവും കരുണാനിധിയായ അല്ലാഹുവിനു മാത്രമാണ്. നിഷേധികൾക്കു ക്ലേശകരമായ ഒരു ദിവസമത്രെ അത്. (25:25,26)

സൈന്യാധിപൻ പരസഹസ്രം പരിശുദ്ധാത്മാക്കളോട് കൂടി പ്രത്യക്ഷപ്പെടുകയും ആകാശഭൂമികളുടെ ആധിപത്യത്തിന്റെ വക്താവ് "ഇന്നു ആർക്കാണധികാരം? ഏകനും സർവ്വാധിപനുമായ അല്ലാഹുവിനു മാത്രമല്ലയോ" (40: 16) എന്നു വിളിച്ചു പറയുകയും ചെയ്യുന്ന ദിവസം! ആകാശ ഭൂമികളുടെ രാജാവിനെ പരിത്യജിച്ചു കൊണ്ട് 'മൺപ്രതിമകളെ' രാജാക്കളാക്കിവെച്ച് അവന്റെ വിധിവിലക്കുകൾക്ക് അല്ലാഹുവിന്റെ വിധിവിലക്കുകളേക്കാൾ വില കൽപിച്ചവരുടെ സ്ഥിതി അന്ന് എന്തായിരിക്കും? മനുഷ്യരുമായി സന്ധിയാവുന്നതിനു വേണ്ടി അല്ലാഹുവോട് യുദ്ധം ചെയ്തതും ഏകനായ യജമാനനെ അവഗണിച്ചു കഴിഞ്ഞവരും അന്ന് എവിടെ പ്പോകും? അഹോ കഷ്ടം! അവർ വിളിച്ചു നോക്കും, ഉത്തരം നൽകപ്പെടുന്നതല്ല. അവൻ ഖേദിക്കും, പക്ഷെ ഖേദംകൊണ്ട് ഫലമില്ല.

മനുഷ്യാ അന്നു നിന്റെ കാര്യം പരിതാപകരം തന്നെ.

"കളവാക്കിയ കൂട്ടർക്കാണ് അന്നു നാശമായ നാശമെല്ലാം" (72:19)

''നിന്റെ പങ്കാളികളെ വിളിച്ചു നോക്കുക എന്നും അവരോട് പറയപ്പെടും. (വിളിച്ചു നോക്കി) പക്ഷെ ഉത്തരമില്ല."

ഈ സന്ദർഭത്തിൽ തിരുമേനി-ദൈവത്തിന്റെ വക്താവും പ്രബോധകനും ലോകാനുഗ്രഹിയും ഇരുലോക ഗുരുവും ദൈവ പ്രീതനുമായ പ്രവാചകൻ (സ) -മുന്നോട്ട് വരികയും ദൈവസന്നിധാനത്തിൽ ഇങ്ങനെ ബോധിപ്പിക്കുകയും ചെയ്യും: "എന്റെ നാഥാ! എന്റെ സമുദായം ഈ ഖുർആനെ കയ്യൊഴിച്ച്കളഞ്ഞു" (25:30)

അതുകൊണ്ട് യാത്രയ്ക്ക് മുമ്പ് യാത്രോപകരണത്തെക്കുറിച്ച് ചിന്തിക്കുക. പ്രളയത്തിനു മുമ്പ് കപ്പലുണ്ടാക്കുക, യാത്ര ആസന്നമായിരിക്കുന്നു. പ്രളയ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. പാഥേയം കൈവശമില്ലാത്തവർ വീണു മരിച്ചുപോകും. കപ്പലില്ലാത്തവർ വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോകും. അന്തരീക്ഷം കലങ്ങി മറിഞ്ഞും, പകൽ വെളിച്ചം കാർമേഘത്തിൽ മറഞ്ഞും കാണുമ്പോൾ മിന്നും മഴയും വരുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടല്ലോ. ലോകസമാധാനത്തിന്റെ അന്ത

രീക്ഷം പൊടിപുരണ്ടതായും സത്യദീനിന്റെ വെളിച്ചം അധർമത്തിലും അവിശ്വാസത്തിലും മറഞ്ഞും കാണപ്പെടുമ്പോൾ കാലാവസ്ഥ മാറുകയാണെന്ന് നിങ്ങൾ മനസ്സിലാക്കാത്തതെന്തുകൊണ്ടാണ്? മനുഷ്യാധിപത്യങ്ങൾ കൈവെടിഞ്ഞ് ദൈവാധിപത്യത്തിനു വഴങ്ങുവാൻ നിങ്ങൾ സന്നദ്ധരാകാത്തതെന്തുകൊണ്ട്? ഈശ്വരസിംഹാസനത്തിന്റെ പ്രതാപധ്വനി ഒരിക്കൽകൂടി ഉയർന്നു പൊങ്ങണമെന്ന് നിങ്ങൾക്ക് ആഗ്രഹമില്ലേ? ദൈവത്തിന്റെ ഭൂമി അവനുമാത്രം ആയിത്തീരാൻ നിങ്ങൾ അഭിലഷിക്കുന്നില്ലേ?

ഇന്ന് ദൈവാധിപത്യവും മനുഷ്യാധിപത്യവും തമ്മിൽ ഒരുഗ്രസംഘട്ടനം നടക്കുകയാണ്. എല്ലാ വൻകരകളിലും പിശാചിന്റെ ആധിപത്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അവന്റെ തറവാട്ടുസ്വത്ത് അവന്റെ ആരാധകർക്കിടയിൽ ഭാഗിക്കപ്പെട്ടിരിക്കുന്നു. ദജ്ജാലിന്റെ സൈന്യം നാനാഭാഗത്തും വ്യാപിച്ചിരിക്കുകയാണ്. ദൈവിക ഭരണത്തെ സംഹരിച്ചു കളയുവാനാണ് ഈ ഈ പൈശാചികാധിപത്യങ്ങൾ ആഗ്രഹിക്കുന്നത്. അവരുടെ വലതുപക്ഷത്ത് ലൗകിക സുഖഭോഗങ്ങളും പേരും പ്രശസ്തിയുമാകുന്ന മാസ്മര സ്വർഗമുണ്ട്. ഇടതുവശത്തോ മർദ്ദനപീഡനങ്ങളുടെ കൺകണ്ട നരകം ആളിക്കത്തിക്കൊണ്ടുമിരിക്കുന്നു. ദൈവികാധിപത്യം നിഷേധിക്കുന്ന മനുഷ്യർക്ക് ഈ അധർമത്തിന്റെ ദജ്ജാൽ തന്റെ മായാസ്വർഗത്തിന്റെ കവാടം തുറന്നുകൊടുക്കുന്നു. എന്നാൽ സത്യകാംക്ഷികളുടെ ദൃഷ്ടിയിൽ അത് ഈശ്വര ശാപ കോപം നിറഞ്ഞ നരഗമാണ്. "കുളിർമയോ പാനീയമോ ആസ്വദിക്കാതെ കാലാകാലം അധിവസിക്കുന്ന" (78:23,24) നരകം. 'ഇവനെ കരിക്കുക, നിങ്ങളുടെ ദേവന്മാരെ സഹായിക്കുക' (21:68) എന്ന് അലറിക്കൊണ്ട് ഈ ദജ്ജാൽ ദൈവാധിപത്യത്തിൽ വിശ്വസിക്കുന്നവരെ പൈശാചിക ശിക്ഷകളുടെയും ശാരീരിക ഭേദ്യങ്ങളുടെയും നരകത്തിലേക്കു പിടിച്ചു തള്ളും. എന്നാൽ സത്യകാമികളായ സജ്ജനങ്ങളെ സംബന്ധിച്ചേടത്തോളം ആ നരകം ഒരു നരകമേ ആയിരിക്കുകയില്ല. മറിച്ച് സുഖ സന്തോഷങ്ങൾ കൊണ്ട് അനുഗ്രഹീതമായ സ്വർഗമാണ്. അവരുടെ സത്യവിശ്വാസം ഉച്ചസ്തരം ഇങ്ങനെ പ്രഖ്യാപിക്കും:

"താങ്കൾ വിശ്വസിക്കുന്നതൊക്കെ വിശ്വസിച്ചോളൂ. ഇഹലോക ജീവിതത്തിൽ മാത്രമാണല്ലോ അങ്ങയുടെ വിധി നടക്കുക. ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. അവൻ ഞങ്ങളുടെ പാപങ്ങൾ പൊറുത്തു തരുന്നതിന് വേണ്ടി. (20:27)

ഇതെല്ലാം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ, ഭൂമിയുടെ ഒരു പ്രത്യേക ഭാഗത്ത് മാത്രമല്ല എല്ലാ ഭാഗങ്ങളിലും ഈ സംഘട്ടനം നടന്നുകൊണ്ടിരിക്കുമ്പോൾ സത്യദീനിന്റെ അനുയായികൾ ഏതു ചേരിയിലാണ് ചേരുക? അധർമാധിപത്യത്തിന്റെ ചേരിയിലോ ദൈവാധിപത്യത്തിന്റെ ചേരിയിലോ? ദജ്ജാൽഭരണം ആളിക്കത്തിക്കുന്ന അഗ്നിജ്വാലകളെ അവർ ഭയപ്പെടുകയാണോ? തങ്ങളുടെ മഹാനായ പ്രപിതാവ് ആരാണെന്ന് അവർക്കറിഞ്ഞു കൂടേ? സത്യദീനിന്റെ പ്രഗൽഭനായ പ്രബോധകൻ ബാബിലോണിയായിലെ പൈശാചിക മർദ്ദക ഭരണത്തിനെതിരെ ദൈവാധിപത്യത്തിനു പരിഗണന നൽകിയതിന്റെ ഫലമായി അദ്ദേഹം ആളിക്കത്തിക്കുന്ന അഗ്നികുണ്ഠത്തിലെറിയപ്പെട്ട കഥ മറന്നു പോയോ? ആ ഭീകരമായ അഗ്നിജ്വാല അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സ്വർഗാരാമത്തിലെ പുഞ്ചിരി പൊഴിക്കുന്ന കുസുമങ്ങളായിരുന്നു. "ഇബ്രാഹീമിന്റെ മേൽ കുളിർമയും ശാന്തിയുമായിത്തീരുവാൻ അഗ്നിയോട് ഞാൻ ആജ്ഞാപിച്ചു" (21:69).

മുസ്‌ലിംകളുടെ ഹൃദയം ഐഹിക സൗഖ്യങ്ങളുടെയും പ്രശസ്തിയുടെയും കപടസ്വർഗം കണ്ടു കൊതിയൂറുകയാണോ? പിശാചിന്റെ പട്ടാളം മനുഷ്യാത്മാവിനെ നാശപ്പെടുത്താൻ വേണ്ടി കാണിക്കുന്ന പിത്തളാട്ടത്തിൽ അവർ വശീകരിക്കപ്പെടുകയോ? അവർക്കറിയുകയില്ലേ, ഈജിപ്തിലെ രാജാവിന്നു, "ഹുകൂമത്തെ ഇലാഹി"യെ നിഷേധിച്ചു കൊണ്ട് തന്റെ അത്യുന്നത കൊട്ടാരങ്ങളും രഥങ്ങളും എത്രകാലം ഉപയോഗിക്കാൻ കഴിഞ്ഞു വെന്ന്? താനാണ് ദൈവമെന്നഹങ്കരിച്ച് നാട്ടിൽ അയാൾക്ക് എത്രകാലം ചെങ്കോലേന്തി സുഖിക്കാൻ കഴിഞ്ഞു?

"ഫറോവ ആ രാജ്യത്ത് അഹങ്കാരത്തോടെ വാണരുളി നാട്ടുകാരെ ഭിന്നിപ്പിച്ചു അവരിൽ ഒരു വിഭാഗത്തെ (ഇസ്രായേല്യരെ) മർദ്ദിച്ചവശരാക്കി. അവരുടെ ആൺമക്കളെ അറുകൊല ചെയ്യുകയും അബലകളെ മാത്രം അവശേഷിപ്പിക്കുകയും ചെയ്തു. നാശകാരികളിൽ പെട്ടവനായിരുന്നു അവൻ. ആ രാജ്യത്തിലെ അടിച്ചമർത്തപ്പെട്ട വിഭാഗത്തെ അനുഗ്രഹിക്കാനും അവരെ നേതാക്കളും അവകാശികളുമാക്കാനും നാം ആഗ്രഹിക്കുന്നു. അവർക്കു ആ നാട്ടിൽ സ്ഥാനപദവി നൽകുവാനും, ഫിർഔനും ഹാമാനും, ഇസ്രായേല്യരിൽനിന്ന് ഭയപ്പെടുന്നതെന്തോ അതവർക്ക് കാണിച്ചുകൊടുക്കുവാനും നാം ആഗ്രഹിക്കുന്നു." (28: 3–6)

മുസ്‌ലിംകളെ! പാരത്രിക വിഭവംവിറ്റ് തുച്ഛമായ ഐഹിക ലാഭത്തിൽ സംതൃപ്തനാകാനാണോ ഭാവം? ദൈവിക ഭരണത്തോടു കൂറുകാട്ടാത്ത ഭൗതിക ഭരണങ്ങളുമായി സന്ധി ചെയ്യുവാനാണോ മോഹം? ശാശ്വത ജീവിത മൂല്യത്തിനു പകരം താൽക്കാലിക ജീവിത വിഭവം നേടുവാനാണോ ശ്രമം?

"ഈ ലോകജീവിതം കളിയും വിനോദവും മാത്രമാണ്; പരലോക ജീവിതമാണ് ജീവിതം" (29: 64) എന്നു നിങ്ങൾക്ക് വിശ്വാസമില്ലേ?

ഇഹലോകമാണാഗ്രഹിക്കുന്നതെങ്കിൽ അതിനും നിങ്ങളുടെ രക്ഷിതാവിനെ കൈവെടിയേണ്ടതില്ല. ഇരു ലോകവും നൽകാൻ അവൻ സന്നദ്ധനാണ്. നിങ്ങളെന്തിനു ഒന്നുകൊണ്ട് മാത്രം സംതൃപ്തരാകണം?

"വല്ലവനും ഇഹലോകഫലത്തെയാണാഗ്രഹിക്കുന്നതെങ്കിൽ അല്ലാഹുവിന്റെയടുത്ത് ഇരു ലോകഫലവും ഉണ്ട്. (4:134) എന്ന് അല്ലാഹു പറയുന്നു. പക്ഷെ ആരാണ് ആ ശബ്ദം ശ്രവിക്കാനുള്ളത്?

ആകാശ രജത്വത്തിന്റെ സംപ്രീതരായ മലക്കുകൾ തങ്ങളുടെ ദീപ്തിമത്തായ ചിറകുകൾ വിടർത്തിക്കൊണ്ട് സൃഷ്ടിക ആധിപത്യത്തെ കൈവെടിഞ്ഞു ദൈവത്തിന്റെ ആധിപത്യത്തിൽ വസിക്കാനാഗ്രഹിക്കുന്ന വിശുദ്ധാത്മാക്കളെ തേടിത്തിരയുകയാണ്. ആരാണ് ആ പരിപാവനമായ ആലയം അഭിലഷിക്കുന്നവർ? ആരാണ് പരിശുദ്ധാത്മാക്കളെപ്പോലെ ഇങ്ങനെ ഉൽഘോഷിക്കുന്നവർ.

"ഞങ്ങളുടെ നാഥാ! സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരാളുടെ, 'നിങ്ങൾ വിശ്വസിക്കൂ' എന്നുള്ള വിളി ഞങ്ങൾ കേൾക്കട്ടെ. അങ്ങനെ ഞങ്ങൾ വിശ്വസിച്ചു. അതുകാണ്ട് നാഥാ, ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരിക. ഞങ്ങളുടെ തിന്മകൾ മാപ്പാക്കിത്തരിക, ഞങ്ങളെ സജ്ജനങ്ങളായ് മരിപ്പിക്കുക, ഞങ്ങളുടെ നാഥാ! നീ നിന്റെ ദൂതൻ മുഖേന ഞങ്ങൾക്കു വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് തരണമേ. അന്ത്യനാളിൽ ഞങ്ങളെ ഹതഭാഗ്യരാക്കരുതേ! നീ ഉടമ്പടി ലംഘിക്കുന്നവനല്ല തന്നെ! (3:193–194)